കുടുംബശ്രീ

115. ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയിൽ നൂതന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ കുടുംബശ്രീ 27477 വനിതകൾക്ക് നഗരപ്രദേശങ്ങളിലും 207279 വനിതകൾക്ക് ഗ്രാമപ്രദേശങ്ങളിലും മൈക്രോസംരംഭങ്ങളിലൂടെ സ്ഥിരമായ വരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കി. മൈക്രോ ഫൈനാൻസ് വർഷമായി ആചരിക്കുന്ന 2005-06 വർഷത്തിൽ ഇതിലൂടെ സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുന്നത് ഉചിതമായിരിക്കും എന്ന് ഞാൻ കരുതുന്നു.

116. 2005-06 സാമ്പത്തികവർഷം ദരിദ്രകുടുംബങ്ങളിലെ വനിതകൾക്കു പുറമേ 50000 അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ബൃഹദ് പദ്ധതി നടപ്പാക്കും.

117. ദരിദ്രരിൽ ദരിദ്രരായ അഗതികുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി 'ആശ്രയ' പദ്ധതി ഈ സർക്കാർ അധികാരമേറ്റശേഷം 117 പഞ്ചായത്തുകളിൽ നടപ്പാക്കി. 2005-06-ൽ 'ആശ്രയ' പദ്ധതി 350 ഗ്രാമപഞ്ചായത്തുകളിൽക്കൂടി വ്യാപിപ്പിക്കും.

118. നഗരപ്രദേശങ്ങളിലെ ഭരമാലിന്യപ്രശ്നം പരിഹരിക്കുന്നതിന് ഇതിനകം തന്നെ 15 നഗരസഭകളിൽ കുടുംബശ്രീ സംരംഭഗ്രൂപ്പുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 2005-06-ൽ താൽപ്പര്യമുള്ള എല്ലാ നഗരസഭകളിലും വനിതാ തൊഴിൽ ഗ്രൂപ്പുകൾ ഈ മേഖലയിൽ ആരംഭിക്കും. ഇതിലൂടെ 10000 പേർക്കെങ്കിലും പുതുതായി തൊഴിൽ ലഭ്യമാക്കാൻ കഴിയും.

119. കേരളത്തിൽ തനതായ മാംസവിപണി ലക്ഷ്യമിട്ടുകൊണ്ട് മുന്തിയ ഇനം ആടുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീയും സംയുക്തമായി 350 ബ്രീഡർ നഴ്സറികളും അനുബന്ധ ആടുവളർത്തൽ യൂണിറ്റുകളും ആരംഭിക്കും. ഇതിലൂടെ 20000 പേർക്ക് പുതുതായി സ്ഥിരവരുമാനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കുന്നതിനും കഴിയും.

120. നിയമവിരുദ്ധമായി കേരളത്തിൽ നടത്തിവന്നിരുന്ന ഓൺലൈൻ ലോട്ടറികളും അന്യസംസ്ഥാന ലോട്ടറികളും നിയന്ത്രിക്കുന്നതിനും നിയമവിധേയമായി അവ പ്രവർത്തിപ്പിക്കുന്നതിനും കോടതി ഉത്തരവുമൂലം തടസ്സങ്ങൾ ഉണ്ടായപ്പോൾ സംസ്ഥാനത്ത് എല്ലാ ലോട്ടറികളും നിരോധിക്കുന്നതിനും കേരളം ഒരു ലോട്ടറി വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനും ഗവൺമെന്റ് നിർബന്ധിതമായി. ഇതുമൂലം ഒരു സാമൂഹ്യവിപത്തിൽനിന്ന് കേരളത്തെ രക്ഷിക്കുവാൻ കഴിഞ്ഞു എന്ന ഉത്തമവിശ്വാസം ഗവൺമെന്റിനുണ്ട്. നിയമപരമായി സംസ്ഥാന ലോട്ടറി തിരിച്ചുകൊണ്ടുവരാനുള്ള എല്ലാ ശ്രമവും സർക്കാർ നടത്തും. എന്നാലും ലോട്ടറിരംഗത്തുണ്ടായിരുന്ന പാവപ്പെട്ടവരും അംഗവൈകല്യം സംഭവിച്ചവരുമായ ആളുകളെ സംബന്ധിച്ച് ഗവൺമെന്റിന് അതിയായ ഉൽക്കണ്ഠയുണ്ട്. അവർക്കുവേണ്ടി ഗവൺമെന്റ് ഒരു പുതിയ തൊഴിൽദാനപദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. ഇതിനായി ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഓരോരുത്തർക്കും പതിനായിരം രൂപ ഗ്രാന്റായും, ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 40000 രൂപവരെ ലോണായും ലഭ്യമാക്കും. ഈ രീതിയിൽ 20000 പേരെ പുനരധിവസിപ്പിക്കാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. ഇതിൽത്തന്നെ അംഗവൈകല്യം ഉള്ളവർക്കും രോഗബാധിതരായവർക്കും മുൻഗണന നൽകുന്നതാണ്. ഇതിലേക്കായി 20 കോടി രൂപ വകയിരുത്തുന്നു. ഇതുകൂടാതെ സർക്കാർ ഓഫീസുകളിലും പൊതു സ്ഥലങ്ങളിലും ഫോൺ ബൂത്ത്, കോഫി വെൻഡിംഗ് മെഷീൻ എന്നിവ സ്ഥാപിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ചെയ്തു കൊടുക്കുന്നതാണ്.

121. അഭ്യസ്തവിദ്യരായ വനിതകൾക്ക് ആരോഗ്യമേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി കുടുംബശ്രീയിൻകീഴിൽ 'സാന്ത്വനം' എന്ന ഒരു നൂതന സംരംഭം ആരംഭിക്കുന്നതാണ്. ഈ പദ്ധതിപ്രകാരം പരിശീലനം സിദ്ധിച്ച വനിതകളുടെ സേവനം ഉപയോഗപ്പെടുത്തി പതിവായി രക്തപരിശോധനയും രക്തസമ്മർദ്ദ പരിശോധനയും ആവശ്യമായിവരുന്ന വൃദ്ധജനങ്ങൾക്കും മറ്റ് രോഗികൾക്കും അവരവരുടെ വീടുകളിൽത്തന്നെ കുറഞ്ഞ ചെലവിൽ ഈ പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്. ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തുന്നു.

തൊഴിൽ

122. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ഉദ്യോഗാർത്ഥികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്ന മാതൃകാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളായി ഉയർത്തുന്നതാണ്.

123. തൊഴിലാളികളുടെ, പ്രത്യേകിച്ച് തോട്ടം തൊഴിലാളികളുടെ, ക്ഷേമം ലാക്കാക്കി വിവിധതരം പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. തോട്ടം തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, തദ്ദേശ സ്ഥാപനങ്ങളുടെ സഹായത്തോടെ മാതൃകാ ഭവനനിർമ്മാണ പദ്ധതികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

124. തൊഴിൽപരിശീലനവകുപ്പിന്റെ കീഴിലുള്ള കാസർഗോഡ് ഗവൺമെന്റ് ഐ.ടി.ഐ. ഒന്നാം ഗ്രേഡ് ഐ.ടി.ഐ.-യായി ഉയർത്തുന്നതാണ്.

125. 2005-06 വർഷത്തിൽ തൊഴിൽ-ആരോഗ്യം സംബന്ധിച്ച് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ് സർവ്വേ നടത്തുന്നതാണ്.

126. ആട്ടോമൊബൈൽ വ്യവസായ മേഖലയിൽ ആധുനീകരണത്തിന്റെ ഫലമായി സാങ്കേതികമികവുള്ള വാഹനങ്ങളുടെ പുതിയ ശ്രേണി ഇന്ന് കേരളത്തിലെ നിരത്തുകളിൽ വ്യാപകമാണ്. സംസ്ഥാനത്തെ ഐ.റ്റി.ഐ.-കളിൽനിന്നും പോളിടെക്നിക്കുകളിൽനിന്നും സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിവരുന്ന അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് ഇത്തരം പുതിയ ശ്രേണിയിൽപ്പെട്ട വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിൽ വേണ്ടത്ര പരിചയമില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. ആട്ടോമൊബൈൽ സർവ്വീസ് സെന്ററുകളിലെ പ്രതിനിധികളുമായി

LIBRARY ARCHIVES Kerala Legislative Assembly